# പഞ്ചായത്ത് എൽ പി സ്കൂൾ , ലോൺട്രി
# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26



## ഉള്ളടക്കം

1 ആമുഖം

2 പൊതുലക്ഷ്യങ്ങൾ

3 സ്കൂൾ അടിസ്ഥാനവിവരങ്ങൾ

4 സ്കൂൾ മികവിന്റെ കേന്ദ്രം

5 പദ്ധതിരൂപീകരണപ്രക്രിയ

6 അവസ്ഥാവിശകലനം

7 മികവിനായി ഏറ്റെടുക്കുന്ന പദ്ധതികൾ

8 പദ്ധതി വിശദാംശങ്ങൾ

9 പ്രതീക്ഷിതനേട്ടങ്ങൾ

10 ഉപസംഹാരം

# സ്കൂളിന്റെ അടിസ്ഥാനവിവരങ്ങളും ചരിത്രവും

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : പി എൽ പി എസ് ലോൺട്രി |
| വിലാസം | : ലാൺടി PO. ഉപ്പുതറ, ഇടുക്കി 685505 |
| സ്കൂൾ കോഡ് | : 30432 |
| ഉപജില്ല ജില്ല | : പീരുമേട് |
| റവന്യൂ ജില്ല | : ഇടുക്കി |
| ബി ആർ സി | : പീരുമേട് |
| സി ആർ സി | : ജി യു പി എസ് കരിന്തരുവി |
| ഗ്രാമപഞ്ചായത്ത് | : ഉപ്പുതറ |
| വാർഡ് | : 11 |
| ബ്ലോക്കുപഞ്ചായത്ത് | : കട്ടപ്പന |
| ജില്ലാപഞ്ചായത്ത് | : ഇടുക്കി |
| താലൂക്ക് | : പീരുമേട് |
| വില്ലേജ് | : ഉപ്പുതറ |
| നിയമസഭാമണ്ഡലം | : പീരുമേട് |
| ലോക്സഭാമണ്ഡലം | : ഇടുക്കി |
| ഇ-മെയിൽ | : plpslonetree@gmail.com |

ഉപ്പുതറ ഗ്രാമപഞ്ചായത്തിലെ XI-ാം വാർഡ് ആയ പുതുക്കടയിലാണ് ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നത്. 1830 കളിൽ കേരളത്തിൽ ബ്രിട്ടിഷുകാർ തേയിലത്തോട്ടങ്ങളും ഫാക്ടറികളും സ്ഥാപിച്ച കാലത്ത് തൊഴിൽ തേടിയെത്തിയ തമിഴ് വംശജരെ ഉദ്ദേശിച്ച് ആദ്യം ഒരു കുടിപ്പള്ളിക്കൂടം ആരംഭിച്ചു.ലോൺട്രി എസ്റ്റേറ്റ് വക സ്ഥലത്ത് 1966-ൽ ഉപ്പുതറ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഈ സ്കൂൾ പ്രവർത്തനമാരംഭിച്ചു പുല്ല്മേഞ്ഞതും തറ മെഴുകിയതുമായ കെട്ടിടം തൊഴിലാളികളുടെ വരുമാനം സ്വരൂപിച്ചാണ് നിർമ്മിച്ചത്. ആദ്യകാലത്ത് ഒരു വർഷം 200 കുട്ടികൾ മലയാളത്തിലും തമിഴിലുമായി ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടത്തക്കവിധം ജനസാന്ദ്രമായിരുന്നു ഈ പ്രദേശം.

25 വർഷം മുമ്പ് പീരുമേട് ടീ കമ്പനി അടച്ചുപൂട്ടിയപ്പോൾ ജനങ്ങൾ ഈ നാടിൽ നിന്ന് അന്യദേശങ്ങളിലേക്ക് പോയതിനാൽ കുട്ടികളുടെ എണ്ണം സ്വാഭാവികമായി കുറയാൻ തുടങ്ങി. ഉള്ള കട്ടികളിൽ പത്തുശതമാനംപേർ ഇംഗ്ലീഷ് മീഡിയങ്ങളിലേക്ക് ചേക്കേറിയതിനാൽ കഴിഞ്ഞ 15 വർഷമായി എണ്ണം തീരെ കുറഞ്ഞ് വരുന്നു.2015-ൽ കേവലം 23 ആയിരുന്നു കുട്ടികളുടെ എണ്ണം.

2016-17-ൽ പുതിയ അധ്യാപക കൂട്ടായ്മയുടെയും പി ടി എ യുടെയും പൊതുസമൂഹത്തിന്റെയും പൂർവ്വ വിദ്യാർത്ഥികളുടെയും നേതൃത്വത്തിൽ വിദ്യാലയത്തിന്റെ സുവർണ്ണജൂബിലി ആഘോഷിച്ചത് ചരിത്രത്തിലെ മറക്കാനാവാത്ത ഒരു അസുലഭ നിമിഷമായിരുന്നു.MP യും MLA യും പഞ്ചായത്ത് പ്രസിഡന്റും മെമ്പർമാരും പൂർവ്വ അദ്ധ്യാപക- വിദ്യാർത്ഥികളും ഉൾപ്പെടെ വൻജനാവലി പങ്കെടുത്ത ജൂബിലി സമാപന സമ്മേളനം നാടിനെ ഉത്സവലഹരിയിലെത്തിച്ചു.

**സ്ഥിതിവിവരക്കണക്ക്**

| | 2014-15 | 2015-16 | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 | 2024-25 | 2025-26 |
|---|---|---|---|---|---|---|---|---|---|---|---|---|
| BOYS | 14 | | 18 | 19 | 19 | 15 | 18 | 18 | 19 | 20 | 19 | |
| GIRLS | 21 | | 10 | 17 | 17 | 19 | 20 | 19 | 21 | 20 | 22 | |
| **TOTAL** | **35** | **23** | **28** | **36** | **36** | **34** | **38** | **37** | **40** | **40** | **41** | |

**അദ്ധ്യാപക സ്ഥിതി വിവരകണക്ക് 2023-24**

| സ്ഥിരം | താൽക്കാലികം |
|---|---|
| HM – 1<br>LPST (TAMIL) – 1<br>LPST (MALAYALAM) - 4 | LPST (TAMIL) – 2<br>LPST (MALAYALAM) - NIL |

## <u>വിദ്യാലയം മികവിന്റെ കേന്ദ്രം</u>

ജൈവ വൈവിധ്യ പാർക്ക് : ക്യാമ്പസ് ഒരു പാഠപുസ്തകം എന്ന ആശയം മുന്നിൽക്കണ്ട് 1 മുതൽ 4 വരെ ക്ലാസ്സിലെ പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന ശേഷികൾ നേടത്തക്കവിധം സ്കൂൾ പരിസരത്തെ ഒരു ജൈവവൈവിധ്യപാർക്ക് ആക്കി മാറ്റാൻ തദ്ദേശവാസികളുടെയും സന്നദ്ധസംഘടനകളുടെയും പി ടി എ യുടെയും നേതൃത്യത്തിൽ ഊർജ്ജിതമായ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

**(I) ഭിന്നശേഷിക്കാരെ പരിഗണിക്കുന്ന ബോധനം**

പ്രീപ്രൈമറി ലഭിക്കാതെ നേരിട്ട് ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടിവരുന്ന കുട്ടികൾക്ക് ഇപ്പോഴത്തെ പാഠ്യപദ്ധതിയിലെ ശേഷികൾ നേടിയെടുക്കാൻ അധ്യാപകർ പ്രയതിക്കേണ്ടിയിരിക്കുന്നു. ഇതുമനസിലാക്കി കഴിഞ്ഞ 3 വർഷമായി ഓരോ ക്ലാസ്സിലെയും നിലവാരത്തിനനുസരിച്ച് പരിഹാര ബോധപ്രവർത്തനങ്ങൾ നടപ്പിലാക്കിക്കൊണ്ടും അതോടൊപ്പം സമഗ്രഗുണമേന്മ പദ്ധതി, ഭാഷാമൃതം,വരമൊഴി,വായനചങ്ങാത്തം എന്നീ പദ്ധതികൾ നടപ്പിലാക്കിയും തമിഴ് മലയാളം മീഡിയം കുട്ടികളെ മിടുക്കരാക്കാൻ ഈ സ്കൂളിലെ അധ്യാപകർ പരിശ്രമിക്കുന്നു.

### (II) സയൻസ് ഗണിത ഐടി സാധ്യതകൾ

പ്രകൃതിയെന്ന പാഠപുസ്തകത്തിനപ്പുറം നിരീക്ഷണപരീക്ഷണങ്ങൾ നടത്തി അപഗ്രഥിച്ച് നിഗമനത്തിലെത്തിച്ചേരാനും ഗണിത സമസ്യകൾ ലഘൂകരിച്ച് മനസ്സിലാക്കാനും വിരൽത്തുമ്പിലായിടുന്ന വിവരസാങ്കേതിക വിദ്യകൾ സ്വന്തം വിരൽത്തുമ്പിൽ കണ്ടെത്തി ക്ലാസ്സ്മുറികളിൽ പാഠ്യപദ്ധതി വിനിമയശേഷി എളുപ്പമാക്കാനും സയൻസ് ഗണിത ഐടി സാധ്യതകൾ പ്രയോജനപ്പൊടുത്തുന്നു.

### (III). ക്ലാസ്സ് ലൈബ്രറി

സ്കൂളിൽ ലഭ്യമായ ലൈബ്രറി പുസ്തകങ്ങൾ കുട്ടികളിൽ വായനാശീലം വളർന്ന് വാരുവാൻ കുട്ടികളോടൊപ്പം മാതാപിതാക്കൾക്കും അധ്യാപകർക്കും വായിക്കാനവസരം നൽകുന്നു. ഇടവേളകളിൽ മുതിർന്ന കുട്ടികൾ ചെറിയക്ലാസ്സിലെ കുട്ടികളെ വായന പരിശീലിപ്പിക്കുന്നു. ലൈബ്രറി കുട്ടികൾക്ക് അനുയോജ്യമാംവിധം ക്രമീകരിച്ചും വായന പരിപോഷിപ്പിച്ചും കുടികൾക്ക് പ്രോത്സാഹനം നൽകുന്നു

### (IV). സ്കൂൾ ഉച്ചഭക്ഷണപദ്ധതി

പതിവ് ഊണിന് പുറമേ വിശേഷാവസരങ്ങളിൽ അധ്യപകരുടെ പ്രത്യേക താത്പര്യപ്രകാരം ബിരിയാണി,ചിക്കൻകറി, പായസം, മധുര പലഹാരം, പഴങ്ങൾ ഇവയെല്ലാം നൽകാറുണ്ട്. സ്കൂളിലെ ജൈവ പച്ചകറിത്തോട്ടത്തിൽനിന്ന് പച്ചക്കറികൾ, വാഴപ്പഴം എന്നിവ ലഭ്യമാക്കാൻ കഴിയുന്നുണ്ട്. ആഴ്ചയിൽ മുട്ടയും പാലും കൃത്യമായി നൽകുന്നുണ്ട്.വീട്ടിൽ കൃഷിചെയ്ത പച്ചക്കറികൾ രക്ഷിതാക്കൾ നൽകാറുണ്ട്.

### (V) സർഗ്ഗാത്മകശേഷി വികസത്തിലുടെ വ്യക്തിത്വ വികസനം:

ഓരോ കുട്ടിയും ഒരു യൂണിറ്റ് എന്ന നിലയിൽ ഒരു വ്യക്തിയുടെ നാനാവിധവായ വികസനം മുന്നിൽക്കണ്ട് കലാകായിക വിദ്യാഭ്യാസം നൽകാൻ അധ്യാപകർ തന്നെ മുൻകൈയ്യെടുക്കുന്നു. പ്രത്യേക പരിഗണന നൽകി പിന്നോക്കം നിൽക്കുന്ന കുട്ടിക ളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്കെത്തിക്കാൻ പരിശ്രമിക്കുന്നു. കൂടാതെ ക്ലാസ്സ് PTA യിൽ സംബന്ധിക്കുന്ന രക്ഷിതാക്കൾക്ക് വ്യക്തിത്വവികസന ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുകവഴി വിദ്യാലയപ്രവർത്തനളിൽ അവരുടെ പങ്കാളിത്തം മുമ്പത്തേക്കാൾ കൂടുതൽ ലഭ്യമാകുന്നു.

## പദ്ധതിരൂപികരണ പ്രക്രിയ

പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ വളരെ ശ്രദ്ധ കൊടുക്കുന്നതിനാൽ മിക്കകുട്ടികളും നല്ല നിലവാരത്തിലെത്തുന്നു. പ്രധാനപ്പെട്ട ദിനാചരണങ്ങളും അതിന്റെ പ്രാധാന്യമുൾകൊണ്ട് സ്കൂളിൽ ആഘോഷിക്കുമ്പോൾ കുട്ടികളും രക്ഷിതാക്കളും പൊതുജനങ്ങളും ഒരു മനസ്സോടെ വിദ്യാലയനേതൃത്വത്തോട് പങ്കുചേരുന്നു. ഇപ്പോൾ നടപ്പിലാക്കികൊണ്ടിരിക്കുന്ന സമഗ്രഗുണമേന്മ വിദ്യാഭ്യാസ പരിപാടിയിലും പ്രദേശവാസികളും രക്ഷിതാക്കളും പങ്കാളികളാണ്.

സൗജന്യയൂണിഫോം,പഠനോപകരണങ്ങൾ,പാഠപുസ്തകം, ഉച്ചഭക്ഷണം എന്നിവയൊക്കെ നൽകുന്നത് എസ്റ്റേറ്റ് പൂട്ടിയതുമൂലം ക്ലേശിക്കുന്ന രക്ഷിതാക്കളുടെ മകൾക്ക് ഏറ്റവും ആശ്വാസകരമാണ്.

വായന പരിപോഷിപ്പിക്കുന്നതിനായി ലഭിക്കുന്ന അവസരങ്ങൾ എല്ലാം തന്നെ പ്രയോജനപ്പെടുത്തുന്നു. ക്വിസ് , അസംബ്ലി, ദിനാചരണങ്ങൾ, പെതുവിജ്ഞാനം,കൃഷി , പരിസരശുചികരണം ഇവയെല്ലാം പഠനപ്രവർത്തനത്തിന്റെ ഭാഗമാക്കുന്നു.

## നിലവിലുള്ള അവസ്ഥാ വിശകലം

**അക്കാദമികം.**

പ്രീപ്രൈമറി പ്രീപ്രൈമറിയുടെ അഭാവം സ്കൂളിന്റെ ഒന്നാം ക്ലാസ്സ് പ്രവേശനത്തെ ദോഷകരമായി ബാധിക്കുന്ന അവസ്ഥയുണ്ട്. അങ്കണവാടിക്കുശേഷം യഥാർത്ഥ പ്രീപ്രൈമറി വിദ്യാഭ്യാസം ലഭിച്ചിട്ടുള്ള കുട്ടികളെ ഉദ്ദേശിച്ചാണ് ഒന്നാം ക്ലാസ് പുസ്തകങ്ങൾ തയ്യാറാക്കിയിട്ടുള്ളത് പല അങ്കണവാടികളിൽനിന്നും പലതരത്തിലുള്ള കുട്ടികളെ ഒന്നിച്ചുചേർത്ത് 6 വയസ്സുവരെ പ്രീപ്രൈമറിയിൽ ശേഷീവികാസം ആർജ്ജിക്കാൻ ഇടയാക്കിയാലേ ഇവിടെ ഒന്നിൽ പ്രവേശനം നേടുന്ന കുട്ടികളെ യഥാർത്ഥ മുന്നറിവിന്റെ അടിസ്ഥാനത്തിൽ പരിശീലനം നൽകാൻ കഴിയൂ. ശേഷികൾ വളർത്താൻ വളരെയധികം പ്രയാസവും കാലതാമസവും അതിനാൽ തന്നെ ഉണ്ടാകുന്നു. പ്രവേശനം നേടുന്നവരുടെ എണ്ണം കുറയാനും ഇത് കാരണമാണ്. സമീപസ്കൂളുകളിലെ പ്രീപ്രൈമറിയിലേക്ക് ഈ പ്രദേശത്തെ കുട്ടികൾ സ്വാഭാവിക മായി ചെന്നെത്തുന്നു. ഭിന്നഭാഷക്കാരായ മാതാപിതാക്കൾക്കും പ്രീസ്കൂൾ വിദ്യാഭ്യാസം നൽകാൻ കഴിയാത്ത അവസ്ഥയാണ് ഇപ്പോഴുള്ളത്.

**അധ്യാപകരുടെ കുറവ്,**

ഹെഡ്മാസ്റ്റർ പദവിയും ക്ലാസ്സ് ചാർജും ഒരുമിച്ച് കൈകാര്യം ചെയ്യാൻ ആർക്കും സാധ്യമല്ല എന്നറിയാമെങ്കിലും നാളിതുവരെ ഈ പ്രശ്നം പരിഹരിക്കപ്പെടാതെകിടക്കുന്നത് സ്കൂളിലെ ഒരു ക്ലാസ്സിലെ കുട്ടികളുടെ പഠനത്തെ ബാധിക്കുന്നു.എല്ലാ ക്ലാസുകളും ദിവസേനയെന്നോണം കയറിയിറങ്ങി ഒരു സ്കൂളിലെ ഭരണപരവും ആഭ്യന്തരവുമായ വിവിധപ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ വിധിക്കപ്പെട്ട HM ഏത് സമയത്താണ് നിശ്ചിതക്ലാസ്സിന്റെ ഉത്തരവാദിത്വം അറിയുന്നതും നടപ്പാക്കുന്നതും?അതേ ഗൗരവത്തോടെയുള്ള മറ്റൊരു പ്രശ്നമാണ് സ്ഥിരം അധ്യാപക അഭാവം. ഒഴിവുള്ള തസ്തികയിൽ നിയമിക്കപ്പെടുന്ന ദിവസവേതക്കാർ വാർഷികപരിശീലനത്തിൽ പങ്കെടുക്കാത്തതിനാൽ ഓരോ വർഷവും ആവിഷ്കരിക്കുന്ന പുതിയ അധ്യയനരീതികൾ അറിയുന്നില്ല. ഈ ദിവസവേതനക്കാരെ നിർബന്ധമായും അതതുവർഷം നടത്തുന്ന മധ്യവേനൽ അവധിക്കാല പരിശീലനത്തിൽ പങ്കെടുപ്പിക്കാവുന്നതാണ്.

ഭൗതികം: ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്ന് ലഭിക്കുന്ന സഹായത്താൽ ഒരു സ്മാർട് ക്ലാസ്സ് റൂം ഉപകരണങ്ങൾ ലഭിച്ചിട്ടുണ്ട് . ഉള്ള കളിസ്ഥലം ഉപയോഗയോഗ്യമല്ലാത്തതിനാൽ സ്പോർട്സ് പ്രാക്ടീസ് നടത്താൻ കഴിയുന്നുമില്ല.പഴയ ഓഫീസ് കെട്ടിടം പൊളിച്ച് പണിയാനുണ്ട് .ചുറ്റുമതിലുകൾ അപകടത്തിലാണ്.

നേട്ടങ്ങൾ: കുട്ടികളുടെ എണ്ണം 10 ഉം അതിൽ കുറവും ആയതിനാൽ ഏറ്റവും നിരക്ഷരാവസ്ഥയിൽ ഒന്നാം ക്ലാസ്സിൽ പ്രവേശിക്കുന്നവരെയും ഇംഗ്ലിഷ് മീഡിയങ്ങളിൽ പോയിട്ട് ഇവിടെ രണ്ടിലും മൂന്നിലുമായി പ്രവേശനം നേടുന്നവരെയും വീട്ടിൽ പഠനാന്തരീക്ഷമില്ലാത്തവരെയും സ്കൂളിൽ തന്നെ പരമാവധി ശ്രദ്ധനൽകി ഓരൊ കുട്ടിയുടെയും പാഠ്യപാഠ്യേതര കഴിവുകൾ വളർത്താൻ സാധിക്കുന്നു.

# മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

അക്കാദമികം

ഭാഷാശേഷിവികാസം - വായന പരിപോഷണം - ലൈബ്രറി ഉപയോഗപ്പെടുത്തൽ - ഇംഗ്ലീഷ് ഭാഷാ പരിപോഷണം - ജൈവവൈവിധ്യ പാർക്കും പച്ചക്കറിത്തോട്ടവും ഐടി പരിശീലനം- പി ടി എ മെച്ചപ്പെടുത്തലും SRG ശാക്തീകരണവും - ദിനാചരണങ്ങൾ - പഠനയാത്ര -കായികപരിശീലനം - ആരോഗ്യ ക്ലാസുകളും മെഡിക്കൽ ക്യാമ്പുകളും - ടാലന്റ് ലാബ്

ഭൗതികം-ഹ്രസ്വകാലം

സ്മാർട് ക്ലാസ്സ്റൂം നിർമ്മാണം- മാലിന്യസംസ്കരണ പിറ്റ് - സ്കൂൾകെട്ടിടം പെയിന്റിംഗ് -സ്കൂൾകെട്ടിടം മേൽക്കൂര സംരക്ഷണം നൽകൽ

ഭൗതികം-മധ്യകാലം

ടൈലിംഗ്- മേൽക്കൂര പ്ലാസ്റ്ററിംഗ് - ടോയ്‌ലറ്റുകളും മൂത്രപ്പുരനിർമ്മാണം- ക്ലാസ്സ് റൂം ഭിത്തിഅലമാരകൾ- അടുക്കള, പാത്രം- നല്ല ആകർഷകമായ ക്ലാസ് റും- സ്കൂളിലേക്ക് അങ്കണവാടിവരെ നടപ്പാത

ഭൗതികം ദീർഘകാലം

പ്ലേഗ്രൗണ്ട് - ആധുനിക ഇരിപ്പിടസജ്ജീകരണങ്ങൾ-സ്മാർട്ട് കിച്ചൻ നിർമ്മാണം
ചുറ്റുമതിൽ ഇടിഞ്ഞുവീഴാറായത് നന്നാക്കൽ -നല്ല വാഷിംഗ് ഏരിയ നിർമ്മിക്കൽ- സ്റ്റാഫ് റൂം നവീകരിക്കൽ

സാമൂഹികം - PTA ശക്തിപ്പെടുത്തൽ- പൂർവ്വ വിദ്യാർത്ഥികളുടെ സഹായം തേടൽ, പ്രാദേശിക PTA – ഭവനസന്ദർശനം

ACTIVITY 1

ENGLISH LANGUAGE DEVELOPMENT

| AIM | ACTIVITY | PERIOD | DUTY | FUND |
|---|---|---|---|---|
| To develop communicative skill in english | Daily usage of English language in each and every classes and periods as much as possible by interaction | Daily | Teachers | Teachers |
| To identify | Using | Daily | Teachers | Teachers |

| | | | | |
|---|---|---|---|---|
| alphabets with phonic sounds and Pronounce | alphabets Cards , words cards,picture cards,sentence cards. Teacher help the students to study the sounds and its name | | | |
| Increasing Reading Skills | With the help of teachers make children to read english text book | Daily | Teachers | Teachers |

ACTIVITY 2 ഭാഷാവീട്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികളിലും ഭാഷ ഫലപ്രദമായി വായിക്കാനും എഴുതുവാനുമുള്ള ശേഷി വികസിപ്പിക്കൽ | എല്ലാ കുട്ടികളുടെ വീടുകളിലും ഭാഷാവീട് പദ്ധതി ആരംഭിക്കുന്നു. എല്ലാ രക്ഷിതാക്കളും കുട്ടികളുടെ വായന പരിപോഷിപ്പിക്കുവാൻ വീടുകളിൽ ശ്രമിക്കുന്നു.വായിച്ച പുസ്തകങ്ങളുടെ സംഗ്രഹം കുടുംബാംഗങ്ങളുടെ മുമ്പിൽ അവതരിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ (ദീർഘം) | ക്ലാസ് ടീച്ചർ | പി.ടി.എ , ടീച്ചേഴ്സ് |

ACTIVITY 3 എഴുത്തുപെട്ടി

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിലെ സർഗാത്മക രചന വളർത്തൽ | കുട്ടികൾക്ക് സർഗാത്മക രചനകൾ നടത്തുവാൻ സ്കൂളിലും വീട്ടിലും അവസരം ഒരുക്കുന്നു.കുട്ടികൾ തയ്യാറാക്കിയ രചനകൾ എഴുത്തുപെട്ടിയിൽ നിക്ഷേപിക്കുന്നു.മെച്ച പ്പെടുത്തലുകൾ വരുത്തി മാഗസിൻ ആക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ (ദീർഘം) | ക്ലാസ് ടീച്ചർ | പി.ടി.എ , ടീച്ചേഴ്സ് |

ACTIVITY 4 വായിച്ച് വളരാം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സ്കൂൾ ലൈബ്രറിയുടെയും ക്ലാസ്സ് ലൈബ്രറിയുടെയും ഉപയാഗം വർദ്ധിപ്പിച്ച് വായനാശീലം വളർത്തുക | സ്കൂൾ ലൈബ്രറി ക്ലാസ്സ് ലൈബ്രറി പ്രയാജനപ്പെടുത്തി പുസ്തകങ്ങൾ തിരഞ്ഞെടുത്തു വായിക്കുന്നു വായനാക്കുറിപ്പ് തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ (ദീർഘം) | ക്ലാസ് ടീച്ചർ | പി.ടി.എ , ടീച്ചേഴ്സ് |

| | | | | |
|---|---|---|---|---|
| | മെച്ചപ്പെടുത്തലുകൾ വരുത്തി മാഗസിൻ ആക്കുന്നു. | | | |

ACTIVITY 5 പച്ചക്കറിത്താട്ടം നിർമ്മാണം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിഷരഹിത പച്ചക്കറികൾ ഉപയാഗിക്കേണ്ടതിന്റെ പ്രാധാന്യം മനസിലാക്കി പച്ചക്കറി കൃഷിയോടുള്ള താൽപര്യം വർദ്ധിപ്പിക്കുന്നു. | സ്കൂൾ പരിസരത്ത് വിവിധതരം പച്ചക്കറിവിത്തുകൾ നടുന്നു. പരിപാലന ചുമതല കുട്ടികൾക്ക് നൽകുന്നു. വിളവെടുപ്പ് ഉൽസവം നടത്തുന്നു. ലഭിക്കുന്ന പച്ചക്കറി ഉച്ചഭക്ഷണത്തിൽ ഉൾപ്പെടുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ (ദീർഘം) | കുട്ടികൾ , അദ്ധ്യാപകർ , പി.ടി.എ | പി.ടി.എ , ടീച്ചേഴ്സ് |

ACTIVITY 6 ബ്യൂട്ടി 2025

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സ്കൂളും പരിസരവും മനോഹരമാക്കി മാറ്റുക | തദ്ദേശസ്വയംഭരണ സ്ഥാപനം , പി.ടി.എ, പൂർവ്വ വിദ്യാർത്ഥികൾ മറ്റ് | ജൂൺ മുതൽ മാർച്ച് വരെ | കുട്ടികൾ , അദ്ധ്യാപകർ , | പഞ്ചായത്ത്,, എസ്.എസ്.കെ, പി.ടി.എ , |

| | | | | |
|---|---|---|---|---|
| | ഏജൻസികൾ എന്നിവരുടെ സഹായത്താൽ സ്കൂളും പരിസരവും മനോഹരമാക്കി മാറ്റുക | (ദീർഘം) | പി.ടി.എ | |

ACTIVITY 7 ഉദ്യാന നിർമ്മാണം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പാഠ്യപദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള സസ്യങ്ങൾ തിരിച്ചറിഞ്ഞ് പരിചരിക്കുന്നു. | ഉദ്യാന നിർമ്മാണത്തിൽ പങ്കാളികളായുംഔഷധ സസ്യങ്ങളും ഫലവൃക്ഷങ്ങളും നട്ടുപരിപാലിക്കുന്നു. സസ്യലാകത്തിന്റെ വൈവിധ്യം തിരിച്ചറിയുന്നു. | ജൂൺ മുതൽ മാർച്ച് വരെ (ദീർഘം) | കുട്ടികൾ , അദ്ധ്യാപകർ , പി.ടി.എ | പി.ടി.എ , ടീച്ചേഴ്സ് |

ACTIVITY 8 ദിനാചരണങ്ങൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ കാലങ്ങളിൽ നടത്തപ്പെടുന്ന ദിനാചരണങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നു. മഹത് വ്യക്തികളെ കൂടുതലായി അറിയുന്നു. | ദിനാചരങ്ങൾക്ക് ആവശ്യമായ സചീകരണങ്ങളിൽ ഭാഗഭാക്കാകുന്നതിലൂടെ താനും സമൂഹത്തിന്റെ ഭാഗമാണെന്നറിയുന്നു. മഹത് വ്യക്തികളെ തിരിച്ചറിയുന്നു. | ജൂൺ മുതൽ മാർച്ച് വരെ (ദീർഘം) | കുട്ടികൾ , അദ്ധ്യാപകർ | പി.ടി.എ , ടീച്ചേഴ്സ് |

ACTIVITY 9 ഗണിതമൂല ,ഗണിതലാബ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മൂർത്തപഠനത്തിലൂടെ ഗണിതപഠനം എളുപ്പമാക്കുന്നു. | ഗണിതപഠനത്തിൻസഹായിക്കുന്ന മൂർത്ത വസ്തുക്കളുടെ ശേഖരണം,നിർമ്മാണം,സംരക്ഷണം എന്നിവയിലൂടെ ഗണിതപഠനം ആസ്വാദ്യകരമാക്കി തീർക്കുന്നു. ക്ലാസ്സ്മുറികളിൽ ഗണിതമൂല, ഗണിതലാബ് എന്നിവ സജ്ജീകരിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ (ദീർഘം) | അദ്ധ്യാപകർ | പി.ടി.എ, ടീച്ചേഴ്സ് , എസ് എസ് കെ |

ACTIVITY 10 മികവുത്സവം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അധ്യയനവർഷം സ്വായക്തകമാക്കിയ അറിവുകൾ പാതുജനങ്ങളുടെ മുമ്പിൽ അവതരിപ്പിക്കുന്നു. | കുട്ടികളുടെ പഠനത്താടുള്ള താത്പര്യം വർദ്ധിപ്പിച്ച് സർഗാത്മക രചനകളിലൂടെയും കണ്ടെത്തൽ പഠനത്തിലൂടെയും നേടിയശേഷികൾ പൊതുസമൂഹത്തെ അറിയിക്കുകയും ആത്മവിശ്വാസം | ഓരോ ടേമിലും | അദ്ധ്യാപകർ , പി.ടി.എ , എസ് എം സി | പി.ടി.എ , ടീച്ചേഴ്സ് , എസ് എം സി |

| | | | | |
|---|---|---|---|---|
| | വർദ്ധിപ്പിക്കുകയും സ്കൂളിന്റെ മികവ് പൊതുസമൂഹത്തിൽ എത്തിക്കുകയും ചെയ്യുന്നു. | | | |

## പ്രതീക്ഷിത നേട്ടങ്ങൾ

1.ശിശുസൗഹൃദമായ പഠനാന്തരീക്ഷം സൃഷ്ടിക്കുന്നു
2. കുട്ടികളുടെ വിദ്യാലയ പ്രവേശനനിരക്ക് വർധിപ്പിക്കുക.
3. പൊതുസമൂഹത്തിന് വിദ്യാലയവുമായി നല്ല ബന്ധം
4. മതനിരപേക്ഷ സമൂഹത്തെ നിലനിർത്തുന്നു.
5. അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാഭ്യാസം ലഭ്യമാക

## മോണിറ്ററിംഗ് രീതി

ഉദ്യോഗസ്ഥ തലത്തിലുള്ള മോണിറ്ററിംഗ് - സാമൂഹ്യമായമോണിറ്ററിംഗ് ( PTA,MPTA, SRG ) നടപ്പിലാക്കുന്നു. ദൈനംദിന മോണിറ്ററിംഗ് HM,SRG& PTA President ഇവരുൾപ്പെട്ട ടീം നടത്തുന്നു.

## ഉപസംഹാരം

ലോകം സാമൂഹമായും സാമ്പത്തികമായം പല മാറ്റങ്ങൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. മാനുഷിക പ്രശ്നങ്ങൾക്ക് ചെവികൊടുക്കാൻ ആഗ്രഹിക്കാത്തതും സ്വന്തം സുഖലോലുപതയ്ക്ക് മുൻതൂക്കം കൊടുക്കുന്നതുമായ ഒരു സമൂഹമാണ് ഇന്ന് നാം കാണുന്നത്. വിദ്യാഭ്യാസത്തിന്റെ യഥാർത്ഥ കാഴ്ചപ്പാടിൽ നിന്നുമാറി സ്വകാര്യവിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുകയും വിദ്യാഭ്യാസസ്ഥാപനങ്ങൾ വെറും കച്ചവടകേന്ദ്രങ്ങൾ ആയിത്തീരുകയും ചെയ്യുന്ന കാലഘട്ടം കൂടിയാണിത്.

എന്നാൽ പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം നേടാനാകുന്നവിധം പൊതുവിദ്യാലയങ്ങളെ നിലവാരമുള്ളതാക്കാൻ വേണ്ടിയാണ് കേരള സർക്കാർ വിവിധ പദ്ധതികൾ നടപ്പാക്കുന്നത്. അവസരതുല്യത,സാമൂഹ്യനീതി ഭിന്നശേഷിയുള്ളവർക്ക് പ്രത്യേകപരിഗണന അന്തർദ്ദേശീയനിലവാരമുള്ള വിദ്യാലയങ്ങൾ എന്നിവ ഇതിന്റെ സദ്ഫലങ്ങളാകുന്നു.

കേരളത്തിന്റെ സാംസ്കാരിക തനിമ നിലനിർത്തിയുള്ള പൊതുവിദ്യാലയങ്ങളുടെ വളർച്ചയിൽ നമുക്കും പങ്കുചേരാം.ജീവിത വിജയത്തിലേക്ക് ഓരോ കുട്ടിയേയും നമുക്ക് കൈപിടിച്ച് ഉയർത്താം.